പതിമൂന്നാം കേരള നിയമസഭ

# പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമസമിതി
# (2011–2014)

## നാലാമത് റിപ്പോർട്ട്

(2013 ഏപ്രിൽ മാസം 1-ാം തീയതി സമർപ്പിച്ചത്)

(പാലക്കാട് ജില്ലാ സന്ദർശനം സംബന്ധിച്ച്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2013

പതിമൂന്നാം കേരള നിയമസഭ

# പട്ടികജാതി–പട്ടികവർഗ്ഗ ക്ഷേമസമിതി
# (2011–2014)

**നാലാമത് റിപ്പോർട്ട്**

(2013 ഏപ്രിൽ മാസം 1–ാം തീയതി സമർപ്പിച്ചത്)

(പാലക്കാട് ജില്ലാ സന്ദർശനം സംബന്ധിച്ച്)

645/2013.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : പ്രധാനപ്പെട്ട നിഗമനങ്ങൾ/ശുപാർശകൾ | .. | 12 |

## പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമസമിതി (2011-2014)

### ഘടന

അദ്ധ്യക്ഷൻ :

ശ്രീ. വി. പി. സജീന്ദ്രൻ

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, കെ. അജിത്
,, ഐ. സി. ബാലകൃഷ്ണൻ
,, കോവൂർ കുഞ്ഞുമോൻ
,, പുരുഷൻ കടലുണ്ടി
,, സി. കെ. സദാശിവൻ
,, എൻ. ഷംസുദ്ദീൻ
,, വി. ശശി
,, വി. എം. ഉമ്മർ മാസ്റ്റർ
,, കെ. വി. വിജയദാസ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി
,, പി. ജി. നിർമ്മൽ കുമാർ രാജു, അഡീഷണൽ സെക്രട്ടറി
,, രാജു, വൈ., ഡെപ്യൂട്ടി സെക്രട്ടറി
,, റ്റി. എം. രത്നാകരൻ, അണ്ടർ സെക്രട്ടറി.

## ആമുഖം

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് കാലാകാലങ്ങളിൽ ഗവൺമെന്റുകൾ പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങൾ, പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് കൃത്യമായി ലഭിക്കുന്നുണ്ടോയെന്നും അവർക്കുവേണ്ടിയുള്ള പദ്ധതികൾ യഥാസമയം നടപ്പിലാക്കുന്നുണ്ടോയെന്നും നേരിട്ട് വിലയിരുത്തുന്നതിന്റെ ഭാഗമായി സമിതി 2012 സെപ്റ്റംബർ മാസം 6, 7 തീയതികളിൽ പാലക്കാട് ജില്ല സന്ദർശിക്കുകയും പാലക്കാട് കളക്ട്രേറ്റ് കോൺഫറൻസ് ഹാളിലും അഗളി ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാളിലും യോഗം ചേർന്ന് വിവിധ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചില പ്രീ-മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലും അഗളിയിലെ മേലെ ഊരും സന്ദർശിക്കുകയുമുണ്ടായി. ടി സന്ദർശനത്തിന്റെയും ചർച്ചയുടെയും അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളുടെ അടിസ്ഥാനത്തിലുള്ള നിർദ്ദേശങ്ങളും ശുപാർശകളും ഉൾപ്പെടുന്നതാണ് ഈ റിപ്പോർട്ട്.

ഈ റിപ്പോർട്ട് 2013 മാർച്ച് മാസം 25-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

വി. പി. സജീന്ദ്രൻ,
*ചെയർമാൻ,*
*പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമസമിതി.*

തിരുവനന്തപുരം,
2013 ഏപ്രിൽ 1.

# റിപ്പോർട്ട്

1. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ജനങ്ങളുടെ ഉന്നമനത്തിനായി കാലാകാലങ്ങളിൽ മാറിമാറി വരുന്ന ഗവൺമെന്റുകൾ നിരവധി ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുന്നുണ്ടെങ്കിലും അവയൊന്നും തന്നെ പ്രസ്തുത വിഭാഗങ്ങൾക്ക് ലഭിക്കുന്നില്ലെന്നും പല പദ്ധതികളും യഥാസമയം നടപ്പിലാക്കുന്നില്ലെന്നും കണ്ടെത്തിയ സമിതി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനായി എന്തൊക്കെ പദ്ധതികളാണ് പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയതെന്ന് അവലോകനം ചെയ്യുന്നതിനും നേരിട്ട് മനസ്സിലാക്കുന്നതിനുംവേണ്ടി 2012 സെപ്റ്റംബർ 6, 7 തീയതികളിൽ പാലക്കാട് ജില്ലാ കളക്ടറേറ്റ് കോൺഫറൻസ് ഹാളിലും അഗളി ബ്ലോക്ക് പഞ്ചായത്ത് ഹാളിലും യോഗങ്ങൾ ചേരുകയും ജില്ലയിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനുവേണ്ടി നടപ്പിലാക്കിവരുന്ന പദ്ധതികളെക്കുറിച്ച് വിവിധ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. തുടർന്ന് സമിതി ജില്ലയിലെ ഏതാനും പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും മേലെ ഊരും സന്ദർശിച്ചു. അതോടൊപ്പം സമിതി പാലക്കാട് ജില്ലയിലെ സ്വാശ്രയ കോളേജിലെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് വിദ്യാർത്ഥികളുമായി ചർച്ചയും നടത്തി.

2. പാലക്കാട് ജില്ലയിലെ അട്ടപ്പാടി, പറമ്പിക്കുളം, നെല്ലിയാമ്പതി മേഖലകളിൽ ആദിവാസികൾ കൂടുതലുണ്ടെന്നും, അട്ടപ്പാടി മേഖലയിൽ 1950-ൽ 90% ആയിരുന്ന ആദിവാസികളുടെ എണ്ണം 2012-ൽ 48% ആയി കുറഞ്ഞിരിക്കുകയാണെന്നും കണ്ടെത്തി. ആദിവാസികളുടെ ഇടയിലെ അമിത മദ്യപാനം, ആരോഗ്യരക്ഷാ സംവിധാനങ്ങളുടെ അപര്യാപ്തത എന്നിവ ഇവർക്കിടയിൽ മരണസംഖ്യ കൂടുതലാക്കുന്നുവെന്ന് ജില്ലാ കളക്ടർ സമിതിയെ അറിയിക്കുകയുണ്ടായി. അട്ടപ്പാടിയിലെ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിൽ ഏഴ് ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലുണ്ടെന്നും കാസർഗോഡ് മേഖലയിൽ ചെയ്തതുപോലെ 20,000 രൂപ കൂടുതൽ കൊടുക്കുകയാണെങ്കിൽ ഡോക്ടർമാരുടെ സേവനം അട്ടപ്പാടി മേഖലയ്ക്കും ലഭ്യമാകും എന്നും ഇക്കാര്യം ചീഫ് സെക്രട്ടറി അംഗീകരിച്ചുവെങ്കിലും ഇതുവരെയും ആയത് അട്ടപ്പാടിയിൽ നടപ്പിലാക്കിയിട്ടില്ലെന്നും പറമ്പിക്കുളം മേഖലയിലും ഡോക്ടർമാരുടെ കുറവ് അനുഭവപ്പെടുന്നുണ്ടെന്നും പ്രീ-മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ സ്റ്റാഫിന്റെ കുറവ് അനുഭവപ്പെടുന്നുണ്ടെന്നും ജില്ലാ കളക്ടർ സമിതിയെ അറിയിച്ചു.

3. പാലക്കാട് ജില്ലയിലെ പഞ്ചായത്തുകളിലായി 4064 പട്ടികജാതി സങ്കേതങ്ങളും, നഗരങ്ങളിലെ 246 സങ്കേതങ്ങളും ഉൾപ്പെടെ 71515 പട്ടികജാതി കുടുംബങ്ങൾ, പാലക്കാട് ജില്ലയിൽ ഉണ്ടെന്ന് പട്ടികജാതി വികസന ഓഫീസർ സമിതിയെ അറിയിക്കുകയുണ്ടായി. നിലവിൽ രണ്ട് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും 15 പ്രീ-മെട്രിക് ഹോസ്റ്റലുകളും നാല് നഴ്സറി സ്കൂളുകളും രണ്ട് മോഡൽ റസിഡൻഷ്യൽ സ്കൂളുകളും ഉണ്ടെന്നും, വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന കൊല്ലങ്കോട്, മണ്ണാർക്കാട്, അലനല്ലൂർ എന്നിവിടങ്ങളിലെ പ്രീ-മെട്രിക് ഹോസ്റ്റലുകൾക്ക് സ്ഥലം കണ്ടെത്തിയിട്ടുണ്ടെന്നും കൊല്ലങ്കോടുള്ള ഹോസ്റ്റലിന് പത്ത് സെന്റ് സ്ഥലമാണ് അനുവദിച്ചിരിക്കുന്നതെന്നും കിറ്റ്കോ ചെയ്തു കൊണ്ടിരിക്കുന്ന കുഴൽമന്ദത്തുള്ള ആൺകുട്ടികളുടെ എം.ആർ.എസി.-ന്റെ കെട്ടിടം പണി, മാർച്ച് മാസത്തിൽ പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും, പല ഹോസ്റ്റലുകളിലും കപ്പാസിറ്റിയെക്കാൾ കൂടുതൽ കുട്ടികൾ താമസിക്കുന്നുണ്ടെന്നും പട്ടികജാതി വികസന ഓഫീസർ അറിയിച്ചു. പ്രീ-മെട്രിക്/

പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ പട്ടികജാതി/വർഗ്ഗ വികസന ഓഫീസർമാർ റൊട്ടേഷൻ അനുസരിച്ച് പരിശോധന നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു. പാലക്കാട് ജില്ലയിൽ എല്ലാ കോളനികളിലും വൈദ്യുതിയും കുടിവെള്ളവും എത്തിയിട്ടുണ്ടെന്നും മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ജലദൗർലഭ്യം അനുഭവപ്പെടുമ്പോൾ എസ്.സി.പി. ഫണ്ടുപയോഗിച്ച് കോളനികളിൽ കുടിവെള്ളം എത്തിക്കുന്നുണ്ടെന്നും വീട്, ഭൂമി, വ്യവസായം എന്നിവയ്ക്ക് തദ്ദേശസ്വയംഭരണവകുപ്പ് മുഖേന ഫണ്ടനുവദിക്കുന്നുണ്ടെന്നും പട്ടികജാതി വികസന ഓഫീസർ അറിയിച്ചു. 50-ൽ അധികം കുടുംബങ്ങളുള്ള കോളനികളെ സ്വയം പര്യാപ്ത കോളനികളായി അംഗീകരിച്ചിട്ടുണ്ടെന്നും ഭൂമിക്ക് പട്ടയം, ഭൂമി അന്യാധീനപ്പെടുക എന്നിവയുമായി ബന്ധപ്പെട്ട് നിലവിൽ പ്രശ്നങ്ങൾ ഇല്ലെന്നും പാടങ്ങൾ നികത്തിയ സ്ഥലത്ത് വീട് വയ്ക്കുന്നതിന് അനുമതി ലഭിക്കുന്നില്ലെന്നും പട്ടികജാതി വികസന ഓഫീസർ സമിതിയെ അറിയിച്ചു.

4. പട്ടികവർഗ്ഗക്കാരുടേതായി അട്ടപ്പാടി ഒഴികെയുള്ള മേഖലകളിൽ 263 പട്ടികവർഗ്ഗ കോളനികളിലായി 5185 കുടുംബങ്ങളിൽ 17230 അംഗങ്ങൾ ഉണ്ടെന്നും, വീടില്ലാത്ത 992 കുടുംബങ്ങളും, കുടിവെള്ള സൗകര്യമില്ലാത്ത 19 കോളനികളിലായി 973 കുടുംബങ്ങളും വൈദ്യുതീകരിക്കാത്ത 14 കോളനികളും ഉണ്ടെന്നും സമിതി മുമ്പാകെ അറിയിച്ച പട്ടികവർഗ്ഗ വികസന ഓഫീസർ കുടിവെള്ളം, റോഡ് നിർമ്മാണം, വൈദ്യുതീകരണം എന്നിവയ്ക്കായി 50 ലക്ഷം രൂപ കോർപ്പസ് ഫണ്ടിൽ നിന്ന് ഈ വർഷം ലഭിച്ചിട്ടുണ്ടെന്നും ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കി വരുന്നുണ്ടെന്നും വ്യക്തമാക്കി.

5. മുപ്പത്തിരണ്ട് കുടുംബങ്ങൾ താമസിക്കുന്ന വെറ്റിലക്കാട് കോളനിയിൽ 10 ഏക്കർ സ്ഥലം ഭൂമിയില്ലാത്തവർക്ക് കൊടുത്തിട്ടുണ്ടെന്നും റിക്കാർഡ്സ് ഓഫ് റൈറ്റ്സ് അനുസരിച്ച് ഒരു കുടുംബത്തിന് 10 ഏക്കർ ഭൂമി വരെ നൽകാമെങ്കിലും അത്രയും ഭൂമി നൽകാൻ കഴിയില്ലെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

6. കൈവശമുണ്ടായിരുന്ന ഭൂമി വേറെ ആരെങ്കിലും തട്ടിയെടുത്ത കേസുകൾ റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും ഊരുകൂട്ടം ചേരാറുണ്ടെന്നും പട്ടികവർഗ്ഗ വികസന ഓഫീസർ അറിയിച്ചു. പുതുശ്ശേരി കോളനി നിവാസികൾക്ക് വഴി ലഭ്യമാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ മലബാർ സിമെന്റ്സിന്റെയും വനം വകുപ്പിന്റെയും സ്ഥലത്തു കൂടിയാണ് പുതുശ്ശേരി കോളനി നിവാസികൾ നടക്കുന്നതെന്നും റോഡ് നിർമ്മിക്കാൻ മലബാർ സിമെന്റ്സ് അനുവദിക്കുന്നില്ലെന്നും നടക്കാനുള്ള വഴി മാത്രമേ അവർ അനുവദിക്കൂ എന്നും വഴിയുടെ ഒരുവശം റെയിൽവേയുടേതായതിനാൽ അവിടെ റോഡ് നിർമ്മിക്കാൻ കഴിയില്ലെന്നും പട്ടികവർഗ്ഗ വികസന ഓഫീസർ അറിയിച്ചു. പുതുശ്ശേരി കോളനി നിവാസികൾക്ക് അസുഖം വന്നാൽ ആശുപത്രിയിൽ പോകുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടി ഉണ്ടാകണമെന്ന് സമിതി നിർദ്ദേശിച്ചു.

7. ആദിവാസി മേഖലയിലുള്ളവരുടെ ചികിത്സയ്ക്കായുള്ള പറമ്പിക്കുളത്തെ ഹെൽത്ത് സെന്റർ, 14 കി.മീ. അകലെയുള്ള ദുർഘടമായ വഴികൾ നിറഞ്ഞ പൂപ്പാറ എന്ന സ്ഥലത്താണെന്നും, നിലവിൽ അവിടെ ഡോക്ടർമാരില്ലെന്നും മെഡിക്കൽ ക്യാമ്പ് നടത്താറുണ്ടെന്നും പട്ടികവർഗ്ഗ വികസന ഓഫീസർ അറിയിച്ചു. കാസർഗോഡ് മേഖലയിൽ ഡോക്ടർമാർക്ക് 20,000 രൂപ അധികം നൽകി നിയമിച്ചതുപോലെ ആദിവാസി മേഖലയിലും ചെയ്യുകയാണെങ്കിൽ ഡോക്ടർമാരെ ലഭിക്കുമെന്നും, തമിഴ്നാട്ടിൽ നിന്നും ഡോക്ടർമാർ വരാൻ തയ്യാറാണെന്നും ജില്ലാ കളക്ടറും സമിതിയെ അറിയിച്ചു.

കാസർഗോഡ് ജില്ലയിലെ റിമോട്ട് ഏരിയയിൽ 20,000 രൂപ അധികം നൽകി ഡോക്ടർമാരെ നിയമിച്ച രീതിയിൽ പാലക്കാട് ജില്ലയിലെ ഉൾനാടൻ മേഖലയിലും 20,000 രൂപ അധികം നൽകി ഡോക്ടർമാരെ നിയോഗിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

8. രക്ഷിതാക്കൾ കുട്ടികളെ വിദ്യാഭ്യാസം ചെയ്യുന്നതിന് അയയ്ക്കാതെ ജോലിക്ക് വിടുകയാണ് ചെയ്യുന്നതെന്നും ഇക്കാര്യത്തിൽ എസ്.ടി. പ്രൊമോട്ടർമാർക്ക് ഒന്നും ചെയ്യാൻ കഴിയുന്നില്ലെന്നും പത്താം ക്ലാസ്സിനുശേഷം ഉപരിപഠന സൗകര്യമില്ലാത്തതിനാൽ ഉപരിപഠനത്തിന് കുട്ടികൾ പോകുന്നില്ലെന്നും പട്ടികവർഗ്ഗ വികസന ഓഫീസർ അറിയിക്കുകയുണ്ടായി. പല ഒഴിവുകളിലും പട്ടികവർഗ്ഗക്കാരെ കിട്ടാനില്ലെന്ന പരാതി ഉയർന്നിട്ടുള്ള സാഹചര്യത്തിൽ ട്രൈബൽ മേഖലയിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ഉപരിപഠനത്തിന് അയയ്ക്കുന്നതിനുള്ള സൗകര്യം ചെയ്തു കൊടുക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു. പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ഉപരിപഠനത്തിന് അയയ്ക്കുന്നതിനുള്ള സൗകര്യം ചെയ്തു കൊടുക്കേണ്ടത് പട്ടികവർഗ്ഗക്കാരുടെ കാര്യങ്ങൾ നോക്കുന്നതിന് സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വം തന്നെയാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ പത്താം ക്ലാസ്സ് പഠനത്തിനുശേഷം കോളനികളിൽ തിരിച്ചെത്തുന്ന കുട്ടികളെ ട്രൈബൽ പ്രൊമോട്ടർമാരുടെ സഹായത്തോടെ കണ്ടെത്തി അവർക്ക് ഉപരിപഠനത്തിനുള്ള സൗകര്യങ്ങൾ ഒരുക്കികൊടുക്കുന്നതിന് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

9. ഭവനനിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് സമിതി ആരാഞ്ഞതിന് ഭവനനിർമ്മാണം, കുടിവെള്ളം, വൈദ്യുതി എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വനത്തിനുള്ളിൽ നിലവിലുണ്ടെന്നും, വനത്തിനുള്ളിലെ കോളനികൾ വളരെ അകലെയായതിനാൽ സാധനങ്ങൾ പണിസ്ഥലത്തെത്തിക്കുന്നതിന് ചാർജ്ജ് കൂടുതലാണെന്നും ആയതിനാൽ ഭവനനിർമ്മാണത്തിന് അനുവദിക്കുന്ന രണ്ടര ലക്ഷം രൂപ പര്യാപ്തമല്ലെന്നും പട്ടികവർഗ്ഗ വികസന ഓഫീസർ അറിയിച്ചു. വനത്തിനുള്ളിലെ കോളനികൾ വളരെ അകലെയായതിനാൽ ഭവനനിർമ്മാണത്തിന് ആവശ്യമായ സാധനങ്ങൾ പണിസ്ഥലത്തെത്തിക്കുന്നതിന് കൂടുതൽ തുക ചെലവാകുന്നുവെന്ന് മനസ്സിലാക്കിയ സമിതി ഭവനനിർമ്മാണത്തിന് വനത്തിനുള്ളിലെ കോളനികൾക്ക് അനുവദിക്കുന്ന തുക ഉയർത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

10. അമ്പലപ്പാറ കോളനിയിൽ പ്രിമിറ്റീവ് ട്രൈബ്സിനുവേണ്ടി സ്പെഷ്യൽ പാക്കേജും ഫുഡ് സപ്പോർട്ടും, നടപ്പിലാക്കുന്നതോടൊപ്പം അറുപത് വീടുകൾ അനുവദിച്ചിട്ടുണ്ടെന്നും ഇനി മൂന്ന് വീടുകൾ പണിയാനുണ്ടെന്നും പട്ടികവർഗ്ഗ വികസന ഓഫീസർ അറിയിച്ചു. മണ്ണാർകാട്ടെ മൂന്ന് പഞ്ചായത്തുകൾ ഒഴികെയുള്ള മേഖലയിൽ പാക്കേജ് നടപ്പിലാക്കിയിട്ടുണ്ടെന്നും അഹാഡ്സിന് ഒരു കോടി രൂപ കഴിഞ്ഞ വർഷം അനുവദിച്ചുവെന്നും എന്നാൽ ഇതുവരെയും ഭവന പദ്ധതി നടപ്പിലാക്കിയിട്ടില്ലെന്നും അറിയിച്ചു. പ്രസ്തുത സ്കീം നടത്താനുള്ള അനുവാദം ഗവൺമെന്റിൽ നിന്നും ലഭിച്ചിട്ടില്ലെന്നും മാർച്ച് 31 വരെയുള്ള ഫണ്ട് അനുവദിച്ചുവെന്നും അഹാഡ്സിന്റെ ഡയറക്ടർ കൂടിയായ ജില്ലാ കളക്ടർ സമിതിയെ അറിയിച്ചു.

11. ഇരുള, മുതുക വിഭാഗത്തിലെ 83 കുടുംബങ്ങൾക്ക് ഭൂമിയും കുടിവെള്ളത്തിനുള്ള സൗകര്യവുമില്ലെന്നും, 77 പേർക്ക് റേഷൻകാർഡില്ലെന്നും കോട്ടത്തറ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി ആരംഭിച്ചെങ്കിലും ഡോക്ടർമാരുടെ കുറവുണ്ടെന്നും എല്ലാ മാസവും അവസാനത്തെ തിങ്കളാഴ്ച കളക്ടറുടെ സിറ്റിംഗ് കോട്ടത്തറ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നടക്കുന്നതിനാൽ കാര്യങ്ങൾ ഭംഗിയായി പോകുന്നുണ്ടെന്നും അവിടെ സൈക്യാട്രി ഡോക്ടറുടെ കുറവുണ്ടെന്നും ക്വാർട്ടേഴ്സിന്റെ പണി പൂർത്തിയായാൽ ഡോക്ടർമാർക്ക് ക്വാർട്ടേഴ്സിൽ താമസിച്ചുകൊണ്ട് ചികിത്സ നടത്താൻ കഴിയുമെന്നും സമിതി മുമ്പാകെ വ്യക്തമാക്കപ്പെട്ടു. കോട്ടത്തറ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി ക്വാർട്ടേഴ്സിന്റെ പണി എത്രയുംവേഗം പൂർത്തിയാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

12. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ഇല്ലാത്തതിനാൽ മുതിർന്ന കുട്ടികളെയും പ്രീ-മെട്രിക് ഹോസ്റ്റലിലാണ് താമസിപ്പിച്ചിരിക്കുന്നതെന്നും ആയതിനാൽ കപ്പാസിറ്റിയെക്കാൾ കൂടുതൽ കുട്ടികളെയാണ് കുട്ടികളുടെ ഹോസ്റ്റലിൽ താമസിപ്പിച്ചിരിക്കുന്നതെന്നും പട്ടികവർഗ്ഗ വികസന ഓഫീസർ വ്യക്തമാക്കി.

13. പറമ്പിക്കുളത്തെ വീടുകളിൽ ജനിച്ച കുട്ടികളുടെ രേഖ പഞ്ചായത്തിൽ ഇല്ലാത്തതിനാൽ ജനനസർട്ടിഫിക്കറ്റ് ലഭിക്കുന്നില്ലെന്ന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പരാതിപ്പെട്ടു. പറമ്പികുളത്തെ വീടുകളിൽ ജനിച്ച കുട്ടികളുടെ രേഖ പഞ്ചായത്തി ലില്ലാത്തതിനാൽ ജനനസർട്ടിഫിക്കറ്റ് ലഭിക്കുന്നില്ലെന്ന് മനസ്സിലാക്കിയ സമിതി ജനന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുവേണ്ടി സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ തീർപ്പു കൽപ്പി ക്കുന്നതിനായി ആർ.ഡി.ഒ.-യുടെ അദ്ധ്യക്ഷതയിൽ പറമ്പിക്കുളത്ത് സിറ്റിംഗ് നടത്തി കുട്ടികൾക്ക് ജനനസർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണ മെന്നും പറമ്പികുളത്ത് ജനിക്കുന്ന കുട്ടികളുടെ രേഖ പഞ്ചായത്തിൽ സൂക്ഷിക്കുന്നതി നാവശ്യമായ നിർദ്ദേശം പഞ്ചായത്തുകൾക്ക് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

14. പറമ്പിക്കുളം മേഖല കടുവ സംരക്ഷണ കേന്ദ്രമായി പ്രഖ്യാപിച്ചതിനാൽ സർക്കാർ വാഹനങ്ങൾ ഒഴികെയുള്ള വാഹനങ്ങൾ കടത്തിവിടുന്നില്ലെന്നും ട്രൈബൽ ഓഫീസർ ഇല്ലെന്നുമുള്ള ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ പരാതിയെ തുടർന്ന് ട്രൈബൽ ഓഫീസറെ നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ അയച്ചിട്ടുണ്ടെന്ന് പട്ടികവർഗ്ഗ വികസന ഓഫീസർ സമിതിയെ അറിയിച്ചു. പറമ്പികുളത്ത് ട്രൈബൽ ഓഫീസറെ നിയമിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

15. മുപ്പതേക്കർ കോളനിയിൽ താമസിക്കുന്ന 85 കുടുംബങ്ങൾക്ക് വീട് വയ്ക്കുന്ന തിന് അനുവദിക്കുന്ന രണ്ട് ലക്ഷം രൂപ അപര്യാപ്തമാണെന്നും, ട്രാൻസ്പോർട്ടേഷൻ ചെലവ് കൂടുതലായതിനാൽ രണ്ടര ലക്ഷം രൂപയായി ഉയർത്തണമെന്നും, വനം മേഖലയായതി നാൽ വനം വകുപ്പിന് മാത്രമേ അവിടെ വീട് നിർമ്മിക്കാൻ കഴിയുകയുള്ളൂയെന്നും അവിടേയ്ക്കുള്ള റോഡ് മോശമാണെന്നും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സമിതിയെ അറിയിച്ചു. കോസ്ഫോർഡ് എന്ന സ്വകാര്യ സ്ഥാപനത്തെയാണ് നിർമ്മാണ ചുമതല ഏല്പിച്ചിരിക്കുന്നതെന്നും എന്നാൽ ട്രാൻസ്പോർട്ടേഷൻ കോസ്റ്റ് കൂടുതൽ ആയതിനാൽ ആരുംതന്നെ നിർമ്മാണച്ചുമതല ഏറ്റെടുക്കുന്നില്ലെന്നും രണ്ടര ലക്ഷം രൂപയ്ക്ക് വീട് നിർമ്മിച്ചു നൽകാൻ കഴിയില്ലെന്നും മൂന്ന് ലക്ഷം രൂപ അനുവദിക്കുകയാണെങ്കിൽ

കുടിവെള്ള സൗകര്യത്തോടു കൂടിയ വീടുകൾ നിർമ്മിക്കാൻ കഴിയുമെന്നും നെന്മാറ ഡി.എഫ്.ഒ. സമിതിയെ അറിയിച്ചു. കുടിവെള്ളത്തിനുള്ള സൗകര്യം കൂടി ചെയ്യുകയാണെങ്കിൽ മൂന്ന് ലക്ഷം രൂപ അനുവദിക്കാമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. മുപ്പതേക്കർ കോളനിയിൽ കുടിവെള്ള സൗകര്യത്തോടുകൂടിയ ഭവനം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലേക്കുള്ള റോഡുകൾ നിലവിൽ പണിയുന്നത് മെയിൻ റോഡിൽ നിന്നും കോളനികളിലേക്കാണെന്നും ഇങ്ങനെ പണിയുമ്പോൾ കോളനികളിൽ റോഡ് പണി എത്തുന്നതിനുമുമ്പേ ഫണ്ട് തീരുന്നുവെന്നും സമിതി വിലയിരുത്തി. ആകയാൽ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലേക്ക് റോഡ് നിർമ്മിക്കുമ്പോൾ കോളനികളിൽ നിന്നും ആരംഭിച്ച് ഏറ്റവും അടുത്ത പ്രധാന റോഡിൽ എത്തിചേരുംവിധം പണിയണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

16. കീരപ്പടി-മൂലക്കട റോഡ് മെയിന്റനൻസ് ചെയ്യാത്തതിനാൽ ജീപ്പുപോലും പോകാത്ത അവസ്ഥയാണെന്നും, പ്രസ്തുത റോഡിന്റെ തമിഴ്നാട് പോർഷൻ ചെയ്തു കഴിഞ്ഞുവെന്നും കേരളത്തിന്റെ ഭാഗത്തുള്ള 8 കിലോമീറ്റർ റോഡ് മെയിന്റനൻസ് ചെയ്യുന്നതിന് 50 ലക്ഷം രൂപ വേണ്ടിവരുമെന്നും നെന്മാറ ഡി.എഫ്.ഒ. അറിയിച്ചു. കീരപ്പടി-മൂലക്കട റോഡ് മെയിന്റനൻസ് ചെയ്യാത്തതിനാൽ ജീപ്പുപോലും പോകാത്ത അവസ്ഥയാണെന്നു മനസ്സിലാക്കിയ സമിതി, കീരപ്പടി-മൂലക്കട റോഡിന്റെ കേരളത്തിലുള്ള 8 കി.മീ. റോഡ് മെയിന്റനൻസ് ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

17. കുരിയർകുറ്റി എസ്.ടി. കോളനിയിൽ വൈദ്യുതി എത്തിയിട്ടില്ലാത്തതിനാൽ സോളാർ സംവിധാനം ഏർപ്പെടുത്താനുള്ള നടപടി സ്വീകരിക്കണമെന്ന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ടപ്പോൾ പതിനാല് ലക്ഷം രൂപയുണ്ടെങ്കിൽ പറമ്പിക്കുളം മേഖലയിലെ എല്ലാ കോളനികളിലും സോളാർ സിസ്റ്റം നടപ്പിലാക്കാൻ കഴിയുമെന്ന് ജില്ലാ കളക്ടർ വ്യക്തമാക്കി. പറമ്പിക്കുളം മേഖലയിലെ എല്ലാ കോളനികളിലും സോളാർ സിസ്റ്റം മുഖേന വൈദ്യുതി ലഭ്യമാക്കുന്നതിന് പണം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

18. ചൊക്കാമൂല കോളനിയിലും പലകപ്പാണ്ടിയിലെ ചുക്കംപതി ഊരിനു സമീപവും ആശുപത്രി മാലിന്യങ്ങൾ തള്ളുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. ആശുപത്രി മാലിന്യങ്ങൾ കോളനികളിൽ തള്ളുന്നത് തടയുന്നതിന് ആവശ്യമായ നടപടി പഞ്ചായത്ത് അധികൃതർ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

19. പാലക്കാട് പട്ടികജാതി/പട്ടികവർഗ്ഗ കോർപ്പറേഷനിലെ പല തസ്തികകളും ഒഴിഞ്ഞു കിടക്കുന്നതിനാൽ ബുദ്ധിമുട്ടനുഭവപ്പെടുന്നുവെന്ന പരാതിയിന്മേൽ, പാലക്കാട് പട്ടികജാതി പട്ടികവർഗ്ഗ കോർപ്പറേഷനിലെ 9 ഒഴിവുകളിൽ 4 പേർ മാത്രമാണ് ഇപ്പോൾ ഉള്ളതെന്നും എസ്.സി./എസ്.ടി. കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു. പാലക്കാട് പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിലെ പല തസ്തികകളും ഒഴിഞ്ഞുകിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ട സമിതി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നിയമനം നടത്താൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

20. തുടർന്ന് സമിതി സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ വിദ്യാർത്ഥി കളുടെ പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് ആരാഞ്ഞു. വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ ഫീസും, ട്യൂഷൻ ഫീസും, പരീക്ഷാ ഫീസും കൊടുക്കുന്നുണ്ടെന്നും എന്നാൽ സ്പെഷ്യൽ ഫീസ് നൽകാറില്ലെന്നും ഹോസ്റ്റലിൽ നിൽക്കുന്ന കുട്ടികൾക്ക് പോക്കറ്റ് മണി നൽകാറില്ലെന്നും പാലക്കാട് ഡി.ഇ.ഒ. അറിയിച്ചു.

21. ബി.സി.എ. അഡ്മിഷൻ സമയത്ത് ചുരുളിമല ആർട്സ് ആന്റ് സയൻസ് കോളേജ് പ്രിൻസിപ്പൽ ഫീസ് ആനുകൂല്യം കിട്ടുമെന്ന് പറഞ്ഞുവെങ്കിലും ഇപ്പോൾ ട്യൂഷൻ ഫീസ് അടയ്ക്കാൻ നിർബന്ധിക്കുകയാണെന്നും ഇരുപത്തഞ്ചോളം കുട്ടികളുടെ പഠനം പാതി വഴിയിൽ ഉപേക്ഷിക്കേണ്ട അവസ്ഥയാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നതെന്ന ഒരു വിദ്യാർത്ഥിനിയുടെ പിതാവിന്റെ പരാതിയിന്മേൽ സ്വാശ്രയ പ്രൊഫഷണൽ കോഴ്സു കൾക്ക് ആനുകൂല്യം കൊടുക്കുന്നതിനാണ് നിലവിൽ ഗവൺമെന്റ് ഉത്തരവ് ഉള്ളതെന്നും സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ആനുകൂല്യം ലഭിക്കുന്നതിനുള്ള ഉത്തരവില്ലെന്നും സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കൊടുക്കുന്ന രീതിയിലുള്ള ആനുകൂല്യം സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുകൂടി നൽകുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

22. ഇ-ഗ്രാന്റിനുള്ള ഫോം മോയൻസ് ഹയർ സെക്കൻഡറി സ്കൂളിൽ എത്തിയി ട്ടില്ലെന്ന +2 വിദ്യാർത്ഥിയുടെ പരാതിയെത്തുടർന്ന് ഫോം അയയ്ക്കുന്നതിനുള്ള നിർദ്ദേശം നൽകാമെന്ന് പാലക്കാട് ഡി.ഇ.ഒ. സമിതിയെ അറിയിച്ചു. മോയൻസ് ഹയർ സെക്കൻഡറി സ്കൂളിൽ ഇ-ഗ്രാന്റിനുള്ള ഫോം എത്തിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരി ക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

23. എസ്.സി. കുട്ടികൾക്ക് പി.എസ്.സി. പരീക്ഷയ്ക്ക് പോകുന്നതിനുള്ള യാത്രാബത്ത കിട്ടുന്നില്ലെന്ന പരാതിക്ക്, ഫണ്ട് ലഭിക്കുന്നതിന് താമസമുണ്ടായെന്നും ആയത് നൽകുന്നതാണെന്നും മുനിസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

24. പാലക്കാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജിയിലെ ഒരു വിദ്യാർത്ഥിനി സർക്കാരിൽ നിന്ന് ഗ്രാന്റ് ലഭിക്കുന്നില്ലെന്ന് സമിതി മുമ്പാകെ പരാതിപ്പെട്ടു. വിദ്യാർത്ഥികൾക്കുള്ള സർക്കാരിന്റെ ഗ്രാന്റ് ലഭിക്കുന്നതിനുവേണ്ടി പാലക്കാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജിയിലെ വിദ്യാർത്ഥിനി സമർപ്പിച്ച അപേക്ഷയിന്മേൽ ഗ്രാന്റ് ലഭ്യമാക്കാനാവുമോ എന്ന് പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. വിദ്യാർത്ഥികൾക്കുള്ള ഗ്രാന്റുകൾ എന്തൊക്കെയാണെന്ന് സ്വാശ്രയ കോളേജുകളിലെ ജീവനക്കാർക്ക് വ്യക്തമായ ധാരണ ഇല്ലാത്തതാണ് ഗ്രാന്റ് കൃത്യമായി ലഭിക്കാതെ വരുന്നതിന് കാരണമെന്ന് അഭിപ്രായപ്പെട്ട സമിതി എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്കുള്ള സർക്കാരിന്റെ ഗ്രാന്റുകൾ എന്തൊക്കെയാണെന്ന് മനസ്സിലാക്കു ന്നതിന് അദ്ധ്യയന വർഷത്തിന്റെ ആദ്യംതന്നെ സർക്കാർ സ്വാശ്രയ കോളേജുകളിലെ ജീവനക്കാർക്ക് അവിടെപ്പോയി ട്രെയിനിംഗ് നൽകണമെന്ന് ശുപാർശ ചെയ്യുന്നു.

25. തുടർന്ന് കൊല്ലങ്കോട് പ്രീ-മെട്രിക് ഹോസ്റ്റൽ (ബോയ്സ്) സന്ദർശിച്ച സമിതി കൊല്ലങ്കോട് പ്രീ-മെട്രിക് ഹോസ്റ്റൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും സ്വന്തമായി കെട്ടിടം പണിയുന്നതിന് പഞ്ചായത്ത് 10 സെന്റ് സ്ഥലം അനുവദിച്ചിട്ടു ണ്ടെന്നും, പ്രസ്തുത സ്ഥലത്ത് എത്രയുംവേഗം കെട്ടിടം പണിത് കുട്ടികളെ അങ്ങോട്ട്

മാറ്റണമെന്നും നിർദ്ദേശിക്കുന്നു. ഇടുക്കി ജില്ലയിലെ ആറ് കുട്ടികൾ ഉൾപ്പെടെ അഞ്ചാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെയുള്ള 30 കുട്ടികൾ താമസിക്കുന്നുണ്ടെന്നും സമിതി മനസ്സിലാക്കി. പ്രസ്തുത ഹോസ്റ്റലിലെ ടോയ്‌ലറ്റ് ആധുനിക രീതിയിലുള്ളതല്ലെന്നും കുട്ടികൾക്ക് രണ്ട് ജോടി യൂണിഫോമും ഒരു ജോടി നൈറ്റ് ഡ്രസ്സുമാണ് വിതരണം ചെയ്യുന്നതെന്നും അടിവസ്ത്രം വിതരണം ചെയ്യുന്നില്ലെന്നും കണ്ടെത്തി. മെനു അനുസരിച്ചുള്ള ഭക്ഷണം വിതരണം ചെയ്യുന്നതിനു പുറമേ കുട്ടികൾക്ക് ട്യൂഷനും ലഭ്യമാക്കുന്നുണ്ട്. മാസംതോറും 100 രൂപ ഓരോ കുട്ടിക്കും പോക്കറ്റ് മണിയായി നൽകുന്നുണ്ട്. ടൂത്ത് പേസ്റ്റ്, സോപ്പ്, എണ്ണ മുതലായവ വാങ്ങാനാണ് പോക്കറ്റ് മണി ഉപയോഗിക്കുന്നതെന്ന് സമിതി മനസ്സിലാക്കി. കൊല്ലങ്കോട് പ്രീ-മെട്രിക് ഹോസ്റ്റലിന് കെട്ടിടം പണിയുന്നതിന് പഞ്ചായത്ത് അനുവദിച്ച സ്ഥലത്ത് എത്രയുംവേഗം കെട്ടിടം പണിയുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

26. തുടർന്ന് സമിതി കണ്ണാടിയിലെ പെൺകുട്ടികളുടെ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ സന്ദർശിച്ചു. പ്രസ്തുത ഹോസ്റ്റലിൽ പ്ലസ് ടു, പോളിടെക്നിക്, ഡിഗ്രി, ടി.ടി.സി., ബി.എഡ്. തുടങ്ങിയ കോഴ്സുകൾക്ക് പഠിക്കുന്ന 28 പേരാണ് താമസിക്കുന്നതെന്നും ഹോസ്റ്റലിൽ 24 കുട്ടികളെ കൂടി താമസിപ്പിക്കുന്നതിന് സൗകര്യമുണ്ടെന്നും ഹോസ്റ്റലിൽ ടെലിവിഷൻ, കംപ്യൂട്ടർ ലാബ്, ലൈബ്രറി, വൃത്തിയുള്ള ടോയ്‌ലറ്റ് എന്നിവയുണ്ടെന്നും മെനു അനുസരിച്ചുള്ള ഭക്ഷണം കുട്ടികൾക്ക് നൽകുന്നുണ്ടെന്നും സമിതി മനസ്സിലാക്കി. പ്ലസ് ടു വിദ്യാർത്ഥികൾക്ക് ട്യൂഷൻ വേണമെന്നും ഹോസ്റ്റൽ വളപ്പിൽ ഒരു കിണർ വേണമെന്നും കുട്ടികൾ സമിതിയോട് ആവശ്യപ്പെട്ടു.

27. അടുത്തദിവസം സമിതി അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ യോഗം ചേരുകയും അട്ടപ്പാടി ആദിവാസി കോളനികളിൽ നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങളെക്കുറിച്ച് ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരിൽനിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു.

28. ഇരുള, മുതുക, കുറുമ്പ എന്നീ വിഭാഗങ്ങളുടെ 192 പട്ടികവർഗ്ഗ കോളനികളാണ് അട്ടപ്പാടിയിലുള്ളതെന്നും പട്ടികവർഗ്ഗ കോളനികളിൽ 8589 കുടുംബങ്ങളിലായി 30460 പേരാണുള്ളതെന്നും, 77 കോളനികളിൽ കുടിവെള്ളം ലഭ്യമല്ലെന്നും 21 കോളനികൾ വൈദ്യുതീകരിച്ചിട്ടില്ലെന്നും 834 കുടുംബങ്ങൾക്ക് ഭൂമിയും 1201 പേർക്ക് വീടുമില്ലെന്നും 765 കുടുംബങ്ങൾക്ക് റേഷൻ കാർഡില്ലെന്നും ഐ.ടി.ഡി.പി. ഓഫീസർ സമിതിയെ അറിയിച്ചു. 543 പ്രാക്തന ഗോത്രവർഗ്ഗ കുടുംബങ്ങളിലായി 2251 പേരാണുള്ളതെന്നും 16 പ്രീ-മെട്രിക് ഹോസ്റ്റലുകളിലായി മുതിർന്ന കുട്ടികൾ ഉൾപ്പെടെ 1492 കുട്ടികൾ താമസിക്കുന്നുണ്ടെന്നും മുക്കാലിയിലെ മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ പത്താം ക്ലാസ്സുവരെയുള്ള 199 കുട്ടികൾ പഠിക്കുന്നുണ്ടെന്നും അട്ടപ്പാടിയിൽ 135 എസ്.ടി. പ്രൊമോട്ടർമാർ പ്രവർത്തിക്കുന്നുണ്ടെന്നും ഐ.ടി.ഡി.പി. ഓഫീസർ സമിതിയെ അറിയിച്ചു.

29. അട്ടപ്പാടി ട്രൈബൽ ബ്ലോക്കിൽ കുടിവെള്ള പദ്ധതികളും, മറ്റ് ക്ഷേമപദ്ധതികളും എസ്.സി.പി. സഹായത്തോടുകൂടി നടത്തുന്നുവെന്നും കോട്ടത്തറ ആശുപത്രിയുടെ പണി തീരാനുണ്ടെന്നും, പോസ്റ്റ് മെട്രിക് ഹോസ്റ്റലിനുവേണ്ടി പ്രൊപ്പോസൽ കൊടുത്തിട്ടുണ്ടെന്നും പ്രോജക്ട് ഓഫീസർ അറിയിച്ചു.

30. ഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് വനാവകാശ നിയമം വന്നതോടുകൂടി വനഭൂമി അല്ലാത്ത സ്ഥലങ്ങളിലെല്ലാം ഗ്രാമസഭയുടെ അനുവാദത്തോടുകൂടി പട്ടയം കൊടുത്തിട്ടുണ്ടെന്നും, അവർ വനഭൂമിയിൽ കൃഷി ചെയ്യുന്നുണ്ടെന്നും, ആ ഭൂമിക്ക് കൈവശാവകാശരേഖയില്ലാത്തതിനാൽ ലോൺ എടുക്കാൻ കഴിയില്ലെന്നും പ്രോജക്ട് ഓഫീസർ അറിയിച്ചു.

31. അട്ടപ്പാടിയിൽ ആരോഗ്യ മേഖലയിൽ പി.എച്ച്.സി., സി.എച്ച്.സി., കോട്ടത്തറ യിലെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി, രണ്ട് ഒ.പി. ക്ലിനിക്കുകൾ എന്നിവ പ്രവർത്തി ക്കുന്നുണ്ടെന്നും പുതൂർ പഞ്ചായത്തിൽ പട്ടികവർഗ്ഗക്കാർക്കുവേണ്ടി ഒരു ആംബുലൻസും രണ്ട് ഡ്രൈവർമാരുമുണ്ടെന്നും ജില്ലാ ആശുപത്രി മണ്ണാർക്കാട് ഉണ്ടെന്നും ഡി.എം.ഒ. അറിയിച്ചു. 50 വയസ്സിനും 60 വയസ്സിനും ഇടയിൽ അട്ടപ്പാടിയിലെ ആദിവാസികൾക്ക് മരണം സംഭവിക്കുന്നുവെന്നും രോഗം ബാധിച്ച് ചികിത്സ കിട്ടാതെയുള്ള മരണം റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും ഡി.എം.ഒ. കൂട്ടിച്ചേർത്തു.

32. ആറ് സ്പെഷ്യാലിറ്റി ഡോക്ടർ, രണ്ട് അസിസ്റ്റന്റ് സർജൻ, ഒരു സൂപ്രണ്ട് എന്നതാണ് കോട്ടത്തറ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിലെ അനുവദനീയമായ പോസ്റ്റ് എങ്കിലും നഴ്സ്മാർ, വർക്കിംഗ് അറേഞ്ചുമെന്റിലുള്ള രണ്ട് ഡോക്ടർമാരുൾപ്പെടെ അഞ്ച് ഡോക്ടർമാർ മാത്രമാണ് ഉള്ളതെന്നും, എൻ.ആർ.എച്ച്.എം. ഡോക്ടർ ഇല്ലെന്നും ഡി.എം.ഒ. സമിതിയെ അറിയിച്ചു. ആശുപത്രി 24 മണിക്കൂറും പ്രവർത്തിക്കുന്നുവെന്നും ഡോക്ടർമാർക്ക് താമസിക്കാൻ സൗകര്യമില്ലെന്നും ഡോക്ടർമാരുടെ ക്വാർട്ടേഴ്സിന്റെ പണി പൂർത്തിയായാൽ ഡോക്ടർമാർ വരാൻ തയ്യാറാണെന്നും ഡി.എം.ഒ. കൂട്ടിച്ചേർത്തു. 49 സ്റ്റാഫുകളുള്ള കോട്ടത്തറ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ഗൈനക്കോളജിസ്റ്റിന്റെ സേവനം അത്യാവശ്യമാണെന്നും, താമസ സൗകര്യം ഏർപ്പെടുത്തുകയാണെങ്കിൽ തമിഴ്നാട്ടിൽ നിന്നുള്ള ഡോക്ടർമാർ വരാൻ തയ്യാറാണെന്ന് സൂപ്രണ്ടും സമിതിയെ അറിയിച്ചു. ഡോക്ടർമാർ വരികയാണെങ്കിൽ താമസ സൗകര്യം ചെയ്തു കൊടുക്കാ മെന്ന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റും, ഡോക്ടർമാർ താമസിക്കുന്ന കെട്ടിടത്തിന്റെ വാടക പട്ടികവർഗ്ഗ വികസന വകുപ്പ് നൽകുമെന്ന് പ്രോജക്ട് ഓഫീസറും സമിതിയെ അറിയിച്ചു. ക്വാർട്ടേഴ്സിന്റെ പണി വൈകാൻ കാരണമെന്താണെന്ന് സമിതി ആരാഞ്ഞതിന് ക്വാർട്ടേഴ്സിന്റെ പണി 2007-ലെ റേറ്റ് അനുസരിച്ചാണ് നൽകിയതെന്നും പണിക്കൂലി കൂടിയതിനാൽ കോൺട്രാക്റ്റേഴ്സ് വർക്ക് ഇപ്പോൾ ചെയ്യുന്നില്ലെന്നും, 30% ഉയർത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയാൽ കോൺട്രാക്റ്റേഴ്സ് പണി പൂർത്തിയാക്കുമെന്ന് പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. ക്വാർട്ടേഴ്സിന്റെ പണി എത്രയും വേഗം പൂർത്തിയാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

33. കോട്ടത്തറയിൽ രങ്കി എന്ന ആദിവാസി സ്ത്രീ ചികിത്സ കിട്ടാതെ മരിച്ചത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞതിന് അന്ന് അവധി ദിവസമായതിനാലും ഡോക്ടർമാർ ഓഫ് ആയതിനാലുമാണ് ഇങ്ങനെ ഒരു സംഭവം ഉണ്ടാകാൻ കാരണ മെന്നും ഇപ്പോൾ ഇരുപത്തിനാലു മണിക്കൂറും ഡോക്ടറുടെ സേവനം ലഭ്യമാണെന്നും ആശുപത്രിക്ക് പുതിയ ആംബുലൻസ് ഉണ്ടെന്നും കോട്ടത്തറ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി സൂപ്രണ്ട് അറിയിച്ചു.

34. രോഗം വന്ന് പുറത്തുനിന്ന് മരുന്നുവാങ്ങിയാലും, സർക്കാർ ആംബുലൻസ് കിട്ടാതെ വരുമ്പോൾ സ്വകാര്യ ആംബുലൻസിൽ പാലക്കാട്ടോ തൃശ്ശൂരിലോ ഉള്ള ആശുപത്രിയിൽ കൊണ്ടുപോകേണ്ടി വന്നാലും ആദിവാസികൾക്ക് ട്രൈബൽ

ഡിപ്പാർട്ട്മെന്റ് നൽകുന്നത് 500 രൂപയോ 1,000 രൂപയോ ആണെന്നും, ആ ചികിത്സാ സഹായം അപര്യാപ്തമാണെന്നുമുള്ള പരാതിയിന്മേൽ സർട്ടിഫിക്കറ്റിൽ എത്ര രൂപ വേണമെന്ന് ഡോക്ടർ എഴുതിയിട്ടുണ്ടാകുമെന്നും അതനുസരിച്ചാണ് രൂപ കൊടുക്കുന്നുവെന്നും മൂന്ന് ലക്ഷം രൂപ മാത്രമാണ് ചികിത്സാ ധനസഹായമായി ഗവൺമെന്റ് അനുവദിച്ചതെന്നും പരമാവധി തുക കൊടുക്കുന്നുണ്ടെന്നും ചികിത്സാ സഹായത്തിനുള്ള അഡ്വാൻസ് മാറുന്നതിന് കാലതാമസം ഉണ്ടാകുന്നതിനാൽ, കാലതാമസം ഒഴിവാക്കി കിട്ടുന്നതിന് സമിതി സഹായിക്കണമെന്നും, പ്രോജക്ട് ഓഫീസർ സമിതിയോട് അഭ്യർത്ഥിച്ചു. ഡോക്ടർമാർ ആയിരം രൂപയ്ക്ക് ശുപാർശ ചെയ്താൽ മുന്നൂറ് രൂപയാണ് നൽകുന്നതെന്നും, രൂപ കിട്ടുന്നതിനുവേണ്ടി ആദിവാസികൾക്ക് പലപ്രാവശ്യം ഓഫീസ് കയറിയിറങ്ങി നടക്കേണ്ടി വരുന്നുവെന്നും, പലപ്പോഴും ആംബുലൻസ് കിട്ടാതെ വരുമ്പോൾ സ്വകാര്യ വാഹനങ്ങളെ ആശ്രയിക്കേണ്ടി വരുന്നുവെന്നും, മലയുടെ മുകളിലുള്ള രോഗികളെ ചികിത്സയ്ക്ക് കൊണ്ടുപോകുന്നതിന് കൂടുതൽ തുക ചെലവാകുന്നുവെങ്കിലും, ആ തുക ട്രൈബൽ വകുപ്പിൽ നിന്ന് ലഭിക്കാറില്ലെന്ന് ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് സമിതിയെ അറിയിച്ചു.

35. രോഗത്തിന് ശാന്തി തേടി വരുന്നവർക്ക് രോഗത്തിന്റെ ഗൗരവമനുസരിച്ച് തുക നൽകണമെന്നും, ചികിത്സാ ധനസഹായം നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കണമെന്നും ധനസഹായത്തിനുവേണ്ടി നിരന്തരം നടത്തിക്കുന്ന രീതിയും ഒഴിവാക്കണമെന്നും അഭിപ്രായപ്പെട്ട സമിതി, രോഗത്തിന്റെ ഗൗരവം അനുസരിച്ച് ചികിത്സയ്ക്ക് 25,000 രൂപ വരെ കൊടുക്കുവാൻ സർക്കാരിനോട് ശുപാർശ ചെയ്യുന്നു. കോട്ടത്തറ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിക്ക് ഒരു ആംബുലൻസ് കൂടി വാങ്ങുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

36. സ്വന്തമായി കെട്ടിടമില്ലാത്ത ബോയ്സ് ഹോസ്റ്റലിന് 740 കുട്ടികൾ താമസിക്കേണ്ടിടത്ത് 1430 കുട്ടികളാണ് താമസിക്കുന്നതെന്നും നാല് ഹോസ്റ്റൽ കൂടി അട്ടപ്പാടിയിൽ ആവശ്യമാണെന്നും ഒരു വിദ്യാർത്ഥി സമിതിയെ അറിയിച്ചു. അട്ടപ്പാടിയിലെ ഹോസ്റ്റലുകളുടെ അപര്യാപ്തത മനസ്സിലാക്കിയ സമിതി, അട്ടപ്പാടിയിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുന്നതിനും, നിലവിലുള്ള ഹോസ്റ്റലുകളുടെ അപര്യാപ്തത പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ശുപാർശ ചെയ്യുന്നു. ഗേൾസ് ഹോസ്റ്റലിൽ വാർഡനായി പുറത്തുള്ളവരെ നിയമിക്കാതെ അട്ടപ്പാടിയിലുള്ളതും വിദ്യാഭ്യാസ യോഗ്യതയുള്ളതുമായ ആദിവാസികളെ വാർഡനായി നിയമിക്കുകയാണെങ്കിൽ കുട്ടികൾക്ക് ട്യൂഷൻ എടുക്കാൻ കഴിയുമെന്ന് ഒരു പരാതിക്കാരി അറിയിച്ചു. എം.ആർ.എസിൽ ആദിവാസികളെയാണ് ഡെയ്‌ലി വേജസിൽ നിയമിക്കുന്നതെന്ന് പ്രോജക്ട് ഓഫീസർ അറിയിച്ചു. അട്ടപ്പാടിയിലെ ഗേൾസ് ഹോസ്റ്റലിൽ വാർഡനായി പുറത്തുള്ളവരെ നിയമിക്കാതെ അട്ടപ്പാടിയിലെ വിദ്യാഭ്യാസയോഗ്യതയുള്ള ആദിവാസികളെ നിയമിക്കുകയാണെങ്കിൽ കുട്ടികൾക്ക് ട്യൂഷൻ എടുക്കാൻ കഴിയുമെന്ന് വിലയിരുത്തിയ സമിതി പെൺകുട്ടികളുടെ ഹോസ്റ്റലുകളിൽ അട്ടപ്പാടിയിലെ വിദ്യാഭ്യാസമുള്ള ആദിവാസികളെ നിയമിക്കുന്നതിന് മുൻഗണന നൽകണമെന്ന് ശുപാർശ ചെയ്യുന്നു.

37. ആദിവാസി കുട്ടികളുടെ എസ്.എസ്.എൽ.സി. വിജയശതമാനത്തെക്കുറിച്ചുള്ള അന്വേഷണത്തിന് അട്ടപ്പാടി എം.ആർ.എസിൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ 35 പേരിൽ 34 പേരും പാസ്സായെന്നും, ഇംഗ്ലീഷിന് ട്യൂഷൻ കൊടുക്കുന്നുണ്ടെന്നും

യോഗ്യതയുള്ള വാർഡൻമാരെ നിയമിക്കുന്നതിനാൽ ഹോസ്റ്റൽ വാർഡൻമാർ തന്നെ ട്യൂഷൻ കൊടുക്കുന്നുണ്ടെന്നും ഐ.ടി.ഡി.പി. ഓഫീസർ അറിയിച്ചു. എസ്.എസ്.എൽ.സി. തോറ്റ കുട്ടികൾക്ക് പട്ടികവർഗ്ഗ വകുപ്പിന്റെ ഗ്രാന്റ് ഉപയോഗിച്ച് ട്യൂഷൻ കൊടുക്കുന്നു ണ്ടെന്നും മണ്ണാർക്കാട് എ.ഇ.ഒ. അറിയിച്ചു. പട്ടികവർഗ്ഗത്തിൽപ്പെട്ട യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ കിട്ടാത്തതിനാൽ പല തസ്തികകളും ഒഴിഞ്ഞുകിടക്കുകയാണെന്നും, അതിനാൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സുകളും, ടെക്നിക്കൽ കോഴ്സുകളും പഠിക്കാനുള്ള സഹായം ചെയ്തുകൊടുക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

38. റേഷൻ കാർഡുമായി ബന്ധപ്പെട്ട നിരവധി പരാതികൾ ശ്രദ്ധയിൽപ്പെട്ട തിനാൽ റ്റി.എസ്.ഒ., ഡി.എസ്.ഒ എന്നിവരുടെ നേതൃത്വത്തിൽ ഒരു സിറ്റിംഗ് നടത്തി പാലക്കാട് ജില്ലയിലെ എസ്.സി./എസ്.ടി. വിഭാഗക്കാരുടെ റേഷൻ കാർഡുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

39. കതിരമ്പാടി ഊരിൽ പുതിയ വീടുകൾ നിർമ്മിക്കുന്നതിനുവേണ്ടി പഴയ വീടുകൾ പൊളിച്ചുമാറ്റി എന്നും, പുതിയ വീടുകൾ പണിതിട്ടില്ലെന്നും എന്നാൽ ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും കറന്റ് ബില്ല് വന്നുകൊണ്ടിരിക്കുകയാണെന്നും ശ്രീ. പഴനിസ്വാമി പരാതിപ്പെട്ടു. വൈദ്യുതീകരിക്കേണ്ട 4000 വീടുകളുടെ ലിസ്റ്റ് വൈദ്യുതി വകുപ്പിന് അയച്ചിട്ടും ഇതുവരെയും നടപടി ഉണ്ടായിട്ടില്ലെന്ന് പ്രോജക്ട് ഓഫീസർ സമിതിയെ അറിയിച്ചതിന് വൈദ്യുതീകരിക്കുന്നതിനാവശ്യമായ സാധന സാമഗ്രികൾ ഇല്ലാത്തതുമൂലമാണ് വൈകുന്നതെന്ന് വൈദ്യുതി വകുപ്പ് സമിതിയെ അറിയിച്ചു.

40. വനാവകാശ നിയമപ്രകാരം വനത്തിനുള്ളിൽ ഭൂമി ലഭിച്ചതല്ലാതെ മറ്റ് രേഖകളൊന്നും കിട്ടിയിട്ടില്ലെന്ന പരാതിയെ സംബന്ധിച്ച് 567 അപേക്ഷ ഉണ്ടായിരുന്നതിൽ 282 പേർക്ക് വനാവകാശരേഖ കൊടുത്തു എന്നും കൊടുത്ത ഭൂമിയിൽ തന്നെ താമസി ക്കുന്നതിനാൽ അവർക്ക് കൈവശരേഖ മാത്രം മതിയെന്ന് മണ്ണാർക്കാട് ഡി.എഫ്.ഒ. അറിയിച്ചു. അട്ടപ്പാടി മേഖലയിലെ എല്ലാ ഊരുകളിലും ഐ.ടി.ഡി.പി. ഓഫീസർ നോഡൽ ഓഫീസറായി വനാവകാശ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും കൈവശരേഖ എന്തെന്ന് ആദിവാസികൾക്ക് മനസ്സിലാകുന്നില്ല എന്നും ഡി.എഫ്.ഒ. കൂട്ടിച്ചേർത്തു.

41. വനത്തിലെ സ്ഥലം അളന്നുകൊടുക്കുന്നതിന് വനം വകുപ്പിന്റെയും, റവന്യൂ വകുപ്പിന്റെയും, മറ്റു വകുപ്പുകളുടെയും സഹകരണം ഉണ്ടാകണം എന്നും ഈ വിഷയം സംബന്ധിച്ച് ഒരു യോഗം ഡി.എഫ്.ഒ. വിളിക്കണമെന്നും പ്രസ്തുത യോഗത്തിൽ വനാവകാശരേഖ കൊടുത്ത മുഴുവൻ ആളുകൾക്കും സ്ഥലം അളന്നുകൊടുക്കണമെന്നും സമിതി നിർദ്ദേശിച്ചു.

42. സമിതി അഗളിയിലെ മേലേ ഊരിൽ സന്ദർശനം നടത്തി. പ്രസ്തുത ഊരിൽ 46 വീടുകളാണുള്ളതെന്നും പഴയ വീടുകൾ പുതുക്കി പണിയുന്നുണ്ടെന്നും വീടുകളി ലേക്ക് വാഹനം എത്തുന്നതിനുള്ള സൗകര്യമില്ലെന്നും സമിതി മനസ്സിലാക്കി.

43. സമിതി അഗളിയിലെ പ്രീ-മെട്രിക് ഗേൾസ് ഹോസ്റ്റൽ സന്ദർശിച്ചു. 60 കുട്ടികൾക്ക് താമസിക്കുന്നതിന് സൗകര്യമുള്ള പ്രസ്തുത ഹോസ്റ്റലിൽ ഡിഗ്രി തലം വരെ പഠിക്കുന്ന 128 കുട്ടികളാണ് നിലവിൽ താമസിക്കുന്നത്. 8 പേർ വീതം താമസിക്കുന്ന ഓരോ മുറിയിൽ കുട്ടികൾക്ക് ഇരുന്ന് പഠിക്കുന്നതിനുള്ള ഒരു സൗകര്യമില്ലെന്നും ചെറിയ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളെ കട്ടിലിൽ കിടത്തി മുതിർന്നവർ നിലത്താണ് കിടക്കുന്നതെന്ന് കുട്ടികൾ വെളിപ്പെടുത്തി. ഇരുളടഞ്ഞ് കാറ്റും വെളിച്ചവും കടക്കാത്ത മുറികളിൽ കഴിയുന്ന കുട്ടികൾ എപ്രകാരം വിദ്യാഭ്യാസം നേടും എന്നതിൽ സമിതി ആശങ്കപ്പെട്ടു. കട്ടിലുകൾ പഴക്കം ചെന്നവയും ബലമില്ലാത്തവയാണെന്നും കുട്ടികൾക്ക് അടിവസ്ത്രം ലഭിക്കുന്നില്ലെന്നും എന്നാൽ മെനു അനുസരിച്ചുള്ള ഭക്ഷണം കുട്ടികൾക്ക് ലഭിക്കുന്നുണ്ടെന്നും സമിതി മനസ്സിലാക്കി. ഹോസ്റ്റലിന്റെ കിഴക്കുവശത്ത് മതിൽ നിർമ്മിച്ചിട്ടില്ലാത്തതും വൃത്തിഹീനമായ ടോയ്‌ലെറ്റുകളും അടുക്കളയുടെ മുകൾ വശത്തെ ഹോളും ശ്രദ്ധയിൽപ്പെട്ട സമിതി പ്രസ്തുത ഹോസ്റ്റലിന്റെ കിഴക്കുവശത്ത് മതിൽ നിർമ്മിക്കുന്നതിനും ടോയ്‌ലറ്റുകൾ വൃത്തിഹീനമായതിനാൽ ടൈൽസ് ഇടുന്നതിനും അടുക്കളയുടെ മുകൾ വശത്തെ ഹോൾ അടയ്ക്കുന്നതിനും നിർദ്ദേശിക്കുന്നു. ഹോസ്റ്റലിന്റെ സമീപത്തായി പുതിയ കെട്ടിടത്തിന്റെ നിർമ്മാണം നടക്കുന്നുണ്ടെന്ന കാര്യം മനസ്സിലാക്കിയ സമിതി അഗളി പ്രീ-മെട്രിക് ഹോസ്റ്റലിന് വേണ്ടിയുള്ള പുതിയ കെട്ടിടത്തിന്റെ പണി അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടിയുണ്ടാകണമെന്ന് ശുപാർശ ചെയ്യുകയും ചെയ്തു.

44. പാലക്കാട് ജില്ലയിലെ വിവിധ വകുപ്പുകളുടെ ജില്ലാതല ഉന്നത ഉദ്യോഗസ്ഥരുമായി സമിതി നടത്തിയ ചർച്ചയുടെയും തെളിവെടുപ്പിന്റെയും സന്ദർശനത്തിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ നിർദ്ദേശങ്ങളും/ശുപാർശകളുമാണ് ഈ റിപ്പോർട്ടിൽ (അനുബന്ധം) ആയി ചേർത്തിരിക്കുന്നത്. പ്രസ്തുത ശുപാർശകളിന്മേൽ ഗവൺമെന്റ് സ്വീകരിച്ച മറുപടിയുടെ 30 പകർപ്പുകൾ എത്രയുംവേഗം സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

വി. പി. സജീന്ദ്രൻ,
*ചെയർമാൻ,*
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി.*

തിരുവനന്തപുരം,
2013 മാർച്ച് 25.

## അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങൾ/ശുപാർശകൾ

| *ശുപാർശ നമ്പർ* | *ശുപാർശ* | *ബന്ധപ്പെട്ട വകുപ്പ്* | *ഖണ്ഡിക* |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | കാസർഗോഡ് ജില്ലയിലെ റിമോട്ട് ഏരിയയിൽ 20,000 രൂപ അധികം നൽകി ഡോക്ടർമാരെ നിയമിച്ച രീതിയിൽ പാലക്കാട് ജില്ലയിലെ ഉൾനാടൻ മേഖലയിലും 20,000 രൂപ അധികം നൽകി ഡോക്ടർമാരെ നിയോഗിക്കാൻ സമിതി ശുപാർശ ചെയ്യുന്നു. | പട്ടികജാതി പട്ടികവർഗ്ഗ വികസനം, ആരോഗ്യ കുടുംബ ക്ഷേമം | 7 |
| 2 | പത്താം ക്ലാസ്സ് പഠനത്തിനുശേഷം കോളനികളിൽ തിരിച്ചെത്തുന്ന കുട്ടികളെ ട്രൈബൽ പ്രൊമോട്ടർമാരുടെ സഹായത്തോടെ കണ്ടെത്തി അവർക്ക് ഉപരിപഠനത്തിനുള്ള സൗകര്യങ്ങൾ ഒരുക്കികൊടുക്കുന്നതിന് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | പട്ടികജാതി പട്ടികവർഗ്ഗ വികസനം | 8 |
| 3 | വനത്തിനുള്ളിലെ കോളനികൾ വളരെ അകലെയായതിനാൽ ഭവനനിർമ്മാണത്തിന് ആവശ്യമായ സാധനങ്ങൾ പണിസ്ഥലത്തെത്തിക്കുന്നതിന് കൂടുതൽ തുക ചെലാകുന്നുവെന്ന് മനസ്സിലാക്കിയ സമിതി ഭവനനിർമ്മാണത്തിന് വനത്തിനുള്ളിലെ കോളനികൾക്ക് അനുവദിക്കുന്ന തുക ഉയർത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | പട്ടികജാതി പട്ടികവർഗ്ഗ വികസനം | 9 |
| 4 | കോട്ടത്തറ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി ക്വാർട്ടേഴ്സിന്റെ പണി എത്രയും വേഗം പൂർത്തിയാക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | പട്ടികജാതി പട്ടികവർഗ്ഗ വികസനം | 11 |
| 5 | ജനനസർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുവേണ്ടി സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിക്കുന്നതിനായി ആർ.ഡി.ഒ.യുടെ അദ്ധ്യക്ഷതയിൽ പറമ്പിക്കുളത്ത് സിറ്റിംഗ് നടത്തി കുട്ടികൾക്ക് ജനനസർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും പറമ്പികുളത്ത് ജനിക്കുന്ന കുട്ടികളുടെ രേഖ പഞ്ചായത്തിൽ | തദ്ദേശസ്വയം ഭരണം | 13 |

| (1) | (2) | (3) | (4) |
|---|---|---|---|
| | സൂക്ഷിക്കുന്നതിനാവശ്യമായ നിർദ്ദേശം പഞ്ചായത്തുകൾക്ക് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു. | | |
| 6 | പറമ്പികുളത്ത് ട്രൈബൽ ഓഫീസറെ നിയമിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | പട്ടികജാതി പട്ടികവർഗ്ഗ വികസനം | 14 |
| 7 | മുപ്പതേക്കർ കോളനിയിൽ കുടിവെള്ള സൗകര്യത്തോടുകൂടിയ ഭവനം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. | പട്ടികജാതി പട്ടികവർഗ്ഗ വികസനം | 15 |
| 8 | പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലേക്ക് റോഡ് നിർമ്മിക്കുമ്പോൾ കോളനികളിൽ നിന്നും ആരംഭിച്ച് ഏറ്റവും അടുത്ത പ്രധാന റോഡിൽ എത്തിച്ചേരുംവിധം പണിയണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | പട്ടികജാതി പട്ടികവർഗ്ഗ വികസനം, വനം | 15 |
| 9 | കീരപ്പടി മൂലക്കട റോഡിന്റെ കേരളത്തിലുള്ള 8 കി.മീ. റോഡ് മെയിന്റനൻസ് ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | പട്ടികജാതി പട്ടികവർഗ്ഗ വികസനം, വനം | 16 |
| 10 | പറമ്പിക്കുളം മേഖലയിലെ എല്ലാ കോളനികളിലും സോളാർ സിസ്റ്റം മുഖേന വൈദ്യുതി ലഭ്യമാക്കുന്നതിന് പണം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | പട്ടികജാതി പട്ടികവർഗ്ഗ വികസനം, ഊർജ്ജം | 17 |
| 11 | ആശുപത്രി മാലിന്യങ്ങൾ കോളനികളിൽ തള്ളുന്നത് തടയുന്നതിന് ആവശ്യമായ നടപടി പഞ്ചായത്ത് അധികൃതർ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | പട്ടികജാതി പട്ടികവർഗ്ഗ വികസനം, തദ്ദേശസ്വയം ഭരണം | 18 |
| 12 | പാലക്കാട് പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷനിലെ പല തസ്തികകളും ഒഴിഞ്ഞുകിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ട സമിതി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നിയമനം നടത്താൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | പട്ടികജാതി പട്ടികവർഗ്ഗ വികസനം | 19 |

| (1) | (2) | (3) | (4) |
|---|---|---|---|
| 13 | സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കൊടുക്കുന്ന രീതിയിലുള്ള ആനുകൂല്യം സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു കൂടി നൽകുന്നകാര്യം പരിഗണിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | പട്ടികജാതി പട്ടികവർഗ്ഗ വികസനം, ഉന്നത വിദ്യാഭ്യാസം | 21 |
| 14 | മോയൻസ് ഹയർ സെക്കൻഡറി സ്കൂളിൽ ഇ-ഗ്രാന്റിനുള്ള ഫോം എത്തിക്കുന്നതിനുള്ള അടിയന്തരനടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | പട്ടികജാതി പട്ടികവർഗ്ഗ വികസനം, ഉന്നത വിദ്യാഭ്യാസം | 22 |
| 15 | വിദ്യാർത്ഥികൾക്കുള്ള സർക്കാരിന്റെ ഗ്രാന്റ് ലഭിക്കുന്നതിനുവേണ്ടി പാലക്കാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജിയിലെ വിദ്യാർത്ഥിനി സമർപ്പിച്ച അപേക്ഷയിന്മേൽ ഗ്രാന്റ് ലഭ്യമാക്കാനാവുമോയെന്ന് പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. വിദ്യാർത്ഥികൾക്കുള്ള ഗ്രാന്റുകൾ എന്തൊക്കെയാണെന്ന് സ്വാശ്രയ കോളേജുകളിലെ ജീവനക്കാർക്ക് വ്യക്തമായ ധാരണ ഇല്ലാത്തതാണ് ഗ്രാന്റ് ലഭ്യമാക്കാതെ വരുന്നതിന് കാരണമെന്ന് അഭിപ്രായപ്പെട്ട സമിതി എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്കുള്ള സർക്കാരിന്റെ ഗ്രാന്റുകൾ എന്തൊക്കെയാണെന്ന് മനസ്സിലാക്കുന്നതിന് അദ്ധ്യയന വർഷത്തിന്റെ ആദ്യം തന്നെ സർക്കാർ സ്വാശ്രയ കോളേജുകളിലെ ജീവനക്കാർക്ക് അവിടെപോയി ട്രെയിനിംഗ് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | പട്ടികജാതി പട്ടികവർഗ്ഗ വികസനം | 24 |
| 16 | കൊല്ലങ്കോട് പ്രീ-മെട്രിക് ഹോസ്റ്റൽ (ബോയ്സ്) സന്ദർശിച്ച സമിതി കൊല്ലങ്കോട് പ്രീ-മെട്രിക് ഹോസ്റ്റൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും സ്വന്തമായി കെട്ടിടം പണിയുന്നതിന് പഞ്ചായത്ത് 10 സെന്റ് സ്ഥലം അനുവദിച്ചിട്ടുണ്ടെന്നും, | പട്ടികജാതി പട്ടികവർഗ്ഗ വികസനം | 25 |

| (1) | (2) | (3) | (4) |
|---|---|---|---|
| | പ്രസ്തുത സ്ഥലത്ത് എത്രയുംവേഗം കെട്ടിടം പണിത് കുട്ടികളെ അങ്ങോട്ട് മാറ്റണമെന്നും സമിതി നിർദ്ദേശിക്കുന്നു. | | |
| 17 | കൊല്ലങ്കോട് പ്രീ-മെട്രിക് ഹോസ്റ്റലിന് കെട്ടിടം പണിയുന്നതിന് പഞ്ചായത്ത് അനുവദിച്ച സ്ഥലത്ത് എത്രയുംവേഗം കെട്ടിടം പണിയുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | പട്ടികജാതി പട്ടികവർഗ്ഗ വികസനം | 25 |
| 18 | രോഗത്തിന് ശാന്തി തേടി വരുന്നവർക്ക് രോഗത്തിന്റെ ഗൗരവമനുസരിച്ച് തുക നൽകണമെന്നും, ചികിത്സാ ധനസഹായം നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കണമെന്നും ധനസഹായത്തിനുവേണ്ടി നിരന്തരം നടത്തിക്കുന്ന രീതിയും ഒഴിവാക്കണമെന്നും അഭിപ്രായപ്പെട്ട സമിതി, രോഗത്തിന്റെ ഗൗരവം അനുസരിച്ച് ചികിത്സയ്ക്ക് 25,000 രൂപ വരെ കൊടുക്കുവാൻ സർക്കാരിനോട് ശുപാർശ ചെയ്യുന്നു. കോട്ടത്തറ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിക്ക് ഒരു ആംബുലൻസ് കൂടി വാങ്ങുന്നതിന് അടിയന്തരനടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | പട്ടികജാതി പട്ടികവർഗ്ഗ വികസനം, ആരോഗ്യ കുടുംബ ക്ഷേമം | 35 |
| 19 | അട്ടപ്പാടിയിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുന്നതിനും, നിലവിലുള്ള ഹോസ്റ്റലുകളുടെ അപര്യാപ്തത പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. | പട്ടികജാതി പട്ടികവർഗ്ഗ വികസനം | 36 |
| 20 | അട്ടപ്പാടിയിലെ ഗേൾസ് ഹോസ്റ്റലിൽ വാർഡനായി പുറത്തുള്ളവരെ നിയമിക്കാതെ അട്ടപ്പാടിയിലെ വിദ്യാഭ്യാസയോഗ്യതയുള്ള ആദിവാസികളെ നിയമിക്കുകയാണെങ്കിൽ കുട്ടികൾക്ക് ട്യൂഷൻ എടുക്കാൻ കഴിയുമെന്ന് വിലയിരുത്തിയ സമിതി പെൺകുട്ടികളുടെ ഹോസ്റ്റലുകളിൽ അട്ടപ്പാടിയിലെ വിദ്യാഭ്യാസമുള്ള ആദിവാസികളെ നിയമിക്കുന്നതിന് മുൻഗണന നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | പട്ടികജാതി പട്ടികവർഗ്ഗ വികസനം | 36 |

| (1) | (2) | (3) | (4) |
|---|---|---|---|
| 21 | റ്റി.എസ്.ഒ., ഡി.എസ്.ഒ എന്നിവരുടെ നേതൃത്വ ത്തിൽ ഒരു സിറ്റിംഗ് നടത്തി പാലക്കാട് ജില്ല യിലെ എസ്.സി./എസ്.ടി. വിഭാഗക്കാരുടെ റേഷൻ കാർഡുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | ഭക്ഷ്യവും പൊതു വിതരണവും | 38 |
| 22 | സമിതി പ്രസ്തുത ഹോസ്റ്റലിന്റെ കിഴക്കു വശത്ത് മതിൽ നിർമ്മിക്കുന്നതിനും ടോയ്ലറ്റുകൾ വൃത്തിഹീനമായതിനാൽ ടൈൽസ് ഇടുന്നതിനും അടുക്കളയുടെ മുകൾവശത്തെ ഹോൾ അടയ്ക്കുന്നതിനും നിർദ്ദേശിക്കുന്നു. ഹോസ്റ്റലിന്റെ സമീപത്തായി പുതിയ കെട്ടിടത്തിന്റെ നിർമ്മാണം നടക്കുന്നുവെന്നകാര്യം മനസ്സിലാക്കിയ സമിതി അഗളി പ്രീ-മെട്രിക് ഹോസ്റ്റലിന് വേണ്ടിയുള്ള പുതിയ കെട്ടിടത്തിന്റെ പണി അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടിയുണ്ടാകണമെന്ന് ശുപാർശ ചെയ്യുകയും ചെയ്തു. | പട്ടികജാതി പട്ടികവർഗ്ഗ വികസനം | 43 |